(സി) വകുപ്പ് മുഖേന നൽകിയ വീടുകളുടെ കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) പൂർത്തീകരിക്കപ്പെടാത്ത വീടുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ എണ്ണവും പ്രമോഷൻ വ്യവസ്ഥയും

16(219) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടെന്നും അവയിൽ എത്ര വാർഡൻമാർ ഉണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ എത്ര റ്റി.ഡി. വാർഡൻമാർ നിലവിലുണ്ട് ;

(സി) പ്രീ-മെട്രിക് ഹോസ്റ്റലിലെ വാർഡൻമാരുടെ പ്രൊമോഷൻ ചാനൽ എപ്രകാരമൊണന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വാർഡൻമാരുടെയും പ്രസ്തുത വകുപ്പിലെ എൽ.ഡി.ക്ലാർക്കുമാരുടേയും തസ്തികകൾ "ഇന്റർചേഞ്ചബിൾ" ആണോ വിശദമാക്കാമോ ;

(ഇ) വാർഡൻമാരായി നിരവധി വർഷങ്ങൾ കഴിഞ്ഞ ഇവർക്ക് പ്രസ്തുത മാറ്റം ഇതുവരേയും ലഭിക്കുകയുണ്ടായിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ജി) ഇപ്പോൾ വാർഡൻമാരായി ജോലി നോക്കുന്നതിൽ താൽപ്പര്യം ഉള്ളവർക്ക് എൽ.ഡി.ക്ലാർക്കുമാരായി കാറ്റഗറി മാറിപ്പോകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 104 പ്രീമെട്രിക് ഹോസ്റ്റലുകളിലായി 104 വാർഡൻമാർ ഉണ്ട്. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	—	2
കൊല്ലം	—	5
ആലപ്പുഴ	—	
കോട്ടയം	—	2

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	—	18
എറണാകുളം	—	4
തൃശ്ശൂർ	—	
പാലക്കാട്	—	17
കോഴിക്കോട്	—	4
വയനാട്	—	31
മലപ്പുറം	—	9
കണ്ണൂർ	—	10
കാസർഗോഡ്	—	2

(ബി) ഒന്ന്.

(സി) പി.എസ്.സി. പ്രത്യേകമായി പരീക്ഷ നടത്തി പ്രസിദ്ധീകരിച്ച വാർഡൻമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരായ പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാർക്ക് 1:1 എന്ന ക്രമത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നുണ്ട്. 8 വർഷത്തെ സർവ്വീസിനുള്ള ഹയർ ഗ്രേഡും പിന്നീട് 18, 25 എന്നീ വർഷങ്ങൾക്കുള്ള ഗ്രേഡും അനുവദിക്കുന്നുണ്ട്. സർക്കാരിന്റെ 15-5-1993-ലെ ജി.ഒ.(പി) 29/93/പി ആന്റ് എ.ആർ.ഡി. ഉത്തരവു പ്രകാരം നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് അനുസരിച്ച് 15-5-1993-ന് ശേഷം വാർഡൻ തസ്തിക എൽ.ഡി.ക്ലാർക്ക് തസ്തികയുടെ അഡീഷൻ ടു ദി കേഡർ ആയതിനാൽ പ്രസ്തുത തീയതിക്ക് ശേഷം എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും ഈ വകുപ്പിൽ നിയമിതരായിട്ടുള്ളവർക്കും സീനിയോറിറ്റി അനുസരിച്ച് യു.ഡി. ക്ലാർക്കൻമാരായി പ്രൊമോഷന് അർഹതയുണ്ട്.

(ഡി) 15-5-1993 മുതൽ ഇന്റർചേഞ്ചബിൾ ആണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) 15-5-1993-ലെ അച്ചടിച്ച 29/93/ പി ആന്റ് എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രത്യേക ചട്ടങ്ങൾ നിലവിൽ വന്നു ടി ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപ് വാർഡൻ റാങ്ക്ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട വാർഡൻമാർക്ക് ഇപ്രകാരം തസ്തിക മാറ്റം അനുവദിക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്.

(ജി) പ്രത്യേക ചട്ടങ്ങൾ നിലവിൽവന്നശേഷം ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വാർഡൻമാർക്ക് എൽ.ഡി.ക്ലാർക്ക് ആയി തസ്തികമാറ്റം അനുവദിച്ചു വരുന്നുണ്ട്. എന്നാൽ 15-5-1993-ന് മുൻപ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രത്യേക ചട്ടങ്ങൾ പ്രകാരം തസ്തികമാറ്റം അനുവദനീയമല്ല.

LIBRARY ARCHIVES Kerala Legislative Assembly